(ബി) ഈ പ്രദേശത്തെ കുട്ടികൾക്ക് മറ്റ് സ്കൂളുകളിൽ പഠനാവശ്യത്തിന് പോകാൻ കിലോമീറ്ററുകൾ സഞ്ചരിക്കണം എന്നതും, കിസുമം ഹയർ സെക്കണ്ടറി സ്കൂളിൽ സയൻസ് വിഷയങ്ങളുടെ കോമ്പിനേഷൻ ഇല്ലാത്തതിനാൽ കുട്ടികൾക്ക് സയൻസ് പഠിക്കാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുട്ടികളുടെ സൗകര്യാർത്ഥം സയൻസ് ഗ്രൂപ്പ് അനുവദിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 2004 മുതൽ. കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകൾ. ഓരോ ബാച്ചിലും അമ്പത് കുട്ടികൾക്കുവീതം.

(ബി) ഇല്ല. സ്കൂൾ അനുവദിക്കുന്നതിനായി അപേക്ഷിച്ച സമയത്ത് സ്കൂൾ അധികൃതർ ആവശ്യപ്പെട്ടപ്രകാരം ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളാണ് അനുവദിച്ചത്.

(സി) പ്രസ്തുത സ്കൂൾ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിൽ അധിക ബാച്ച് അനുവദിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പിന്നോക്ക സമുദായക്ഷേമസമിതി (2011-2014) യുടെ ശിപാർശകൾ

120 (1176) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ (2011-2014) സംവരണനഷ്ടം നികത്തുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റത്തിലൂടെ നികത്തുന്നതിനായി മാറ്റിവയ്ക്കേണ്ട എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി PSC-യിൽ റിപ്പോർട്ട് ചെയ്തു ;

(സി) പ്രസ്തുത സമിതിയുടെ ശിപാർശകളുടെ ആനുകൂല്യങ്ങൾ HSST (History) വിഭാഗക്കാർക്കും അനുവദിച്ചു നൽകുമോ ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ HSST (History) വിഭാഗക്കാർക്ക് കൂടി അനുവദിച്ചു നൽകുകയാണെങ്കിൽ തസ്തികമാറ്റത്തിലൂടെ നികത്തുന്നതിനായി മാറ്റിവയ്ക്കേണ്ട എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി PSC-യിൽ റിപ്പോർട്ട് ചെയ്യേണ്ടി വരുമെന്നറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly